**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മഴക്കാലക്കെടുതി - ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തനത് ഫണ്ടിൽ തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2047/2018/തസ്വഭവ — തിരുവനന്തപുരം, തീയതി, 26/07/2018

പരാമർശം:- 25/07/2018 ലെ മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പിലെ ഇനം. 2355 നമ്പർ തീരുമാനം.

**ഉത്തരവ്**

മഴക്കാല ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി ദുരിത ബാധിത പ്രദേശങ്ങളിൽ ഗുരുതരമായ സാംക്രമിക രോഗങ്ങൾ, പകർച്ച വ്യാധികൾ എന്നിവ തടയുന്നതിന് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആവശ്യമായ തുക ചെലവിടുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകിക്കൊണ്ടും, തനത് ഫണ്ടിൽ ആവശ്യമായ തുക ലഭ്യമല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 3,00,000/- (മൂന്ന് ലക്ഷം രൂപ) രൂപ വരെ അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
റ്റി.കെ.ജോസ് ഐ.എ.എസ്,
**അഡീഷണൽ ചീഫ് സെക്രട്ടറി.**

എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (പകർപ്പ് വകുപ്പ് തലവൻമാർ മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (25/07/2018 ലെ മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പിലെ ഇനം. 2355 നമ്പർ തീരുമാനപ്രകാരം)
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ യ്ക്ക്.